**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2734 | 07.12.2018 ലെ മറുപടിയ്ക്ക്.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടി**

| **ചോദ്യം**<br>**ശ്രീ.പി. ഉണ്ണി** | | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകിയ വായ്പകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷനിൽനിന്നും എടുത്തിട്ടുള്ളതും 31.03.2010 ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതിതള്ളുന്ന പദ്ധതിയും, പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2014 ന് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരുലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതിയും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അത് സംബന്ധിച്ച എത്ര അപേക്ഷകൾ തീർപ്പാക്കുന്നതിനായി ശേഷിക്കുന്നുണ്ട്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (ബി) | വായ്പാകുടിശ്ശിക എഴുതിതള്ളുന്നത് സംബന്ധിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 73 അപേക്ഷകളും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 1360 അപേക്ഷകളും തീർപ്പാക്കാനായി അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുത്തിട്ട് അത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്തവരുടെ എണ്ണം ക്രമാതീതമായി വർധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം വായ്പ കുടിശ്ശിക വരുത്തിയവരെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | തിരിച്ചടക്കുവാൻ സാധിക്കാത്തവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

വായ്പാ കുടിശ്ശിക എഴുതി തള്ളുന്ന പദ്ധതി പ്രകാരം തീർപ്പാക്കാനുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ അപേക്ഷകളുടെ ജില്ല തിരിച്ചുള്ള എണ്ണം.

| ജില്ല | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|
| തിരുവനന്തപുരം | 23 | 0 |
| കൊല്ലം | 4 | 38 |
| പത്തനംതിട്ട | 1 | 287 |
| ആലപ്പുഴ | 2 | |
| കോട്ടയം | 0 | 6 |
| ഇടുക്കി | 6 | 163 |
| എറണാകുളം | 6 | 92 |
| തൃശ്ശൂർ | 16 | 14 |
| പാലക്കാട് | 3 | 410 |
| മലപ്പുറം | 5 | 60 |
| കോഴിക്കോട് | 7 | 3 |
| വയനാട് | 0 | 24 |
| കണ്ണൂർ | 0 | 217 |
| കാസർഗോഡ് | 0 | 46 |
| **ആകെ** | **73** | **1360** |

**സെക്ഷൻ ഓഫീസർ**